ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 16.08.2024 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ജമ്മു കശ്മീരിലും ഹരിയാനയിലും നിയമസഭാ തിരഞ്ഞെടുപ്പുകൾ പ്രഖ്യാപിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ; ഉരുൾപൊട്ടിലിന്റെ പശ്ചാത്തലത്തിൽ വയനാട്ടിൽ ഉപതിരഞ്ഞെടുപ്പ് ഉടനില്ല

   **The Election Commission of India announced assembly elections in Jammu and Kashmir and Haryana; In the wake of landslides, by-elections in Wayanad will not be held soon**

2. എഴുപതാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു മലയാളത്തിന് മികച്ച നേട്ടം; ആട്ടം മികച്ച ചിത്രം മികച്ച നടൻ ഋഷഭ് ഷെട്ടി. നിത്യാ മേനോനും, മാനസി പരേഖും മികച്ച നടിമാർ

   **70th National Film Awards Announced; Malayalam cinema takes the spotlight, Attam honored with the best feature film award, Best Actor Rishabh Shetty. Nithya Menon and Manasi Parekh are the best actresses.**

3. 54-ാമത് സംസ്ഥാന ചലച്ചിത്ര പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചു. കാതൽ ദി കോർ മികച്ച ചിത്രം, മികച്ച നടൻ പൃഥ്വിരാജ്, ഉർവ്വശിയും, ബീന ആർ ചന്ദ്രനുംമികച്ച നടിമാർ

54th State Film Awards announced. Kathal The Core was honored with the Best Feature Film Award, Best Actor Prithviraj, and Best Actress Award to Urvashi and Beena R Chandran.

4. ഭൗമ നിരീക്ഷണ ഉപഗ്രഹമായ ഇഒഎസ്-08 നെ വിജയകരമായി ഭ്രമണപഥത്തിലെത്തിച്ച് ISRO; അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി

ISRO successfully launched the satellite EOS-08; Prime Minister Narendra Modi congratulated scientists

5. മൂന്നാമത് വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് വിർച്വൽ ഉച്ചകോടിക്ക് ഇന്ത്യ നാളെ ആതിഥേയത്വം വഹിക്കും.

India will host the 3rd Voice of Global South Virtual Summit tomorrow.

6. സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽമത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പ്

Heavy rains will continue in the state; the Central Meteorological Department warns not to go fishing on the Kerala-Lakshadweep-Karnataka coasts.

&&&&&&&&&&&&&&&&&&

## CEC- ASSEMBLY POLL EARLY

ജമ്മു കാശ്മീരിലെയും ഹരിയാനയിലെയും നിയമസഭാ തിരഞ്ഞെടുപ്പ് തീയതികൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. ജമ്മുകശ്മീരിൽ സെപ്റ്റംബർ 18, 25

ഒക്ടോബർ ഒന്ന് എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായും ഹരിയാനയിൽ ഒക്ടോബർ ഒന്നിന് ഒറ്റ ഘട്ടവുമായാണ് തിരഞ്ഞെടുപ്പ്. 90 നിയോജക മണ്ഡലങ്ങൾ വീതമുള്ള രണ്ടിടത്തും ഒക്ടോബർ നാലിനാണ് വോട്ടെണ്ണലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ രാജീവ് കുമാർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. 87 ലക്ഷത്തിലധികം വോട്ടർമാരുള്ള ജമ്മു കാശ്മീരിൽ വോട്ടെടുപ്പിനായി 11,800 ലേറെ പോളിങ് സ്റ്റേഷനുകളാണ് സജ്ജമാക്കുക. 2 കോടിയിലധികം വോട്ടർമാരുള്ള ഹരിയാനയിൽ 20000 ലേറെ പോളിംഗ് സ്റ്റേഷനുകളും ഒരുക്കും. ജമ്മു കാശ്മീരിൽ വർധിച്ച വോട്ടർ പ്രാതിനിധ്യമാണ് ലോക്സഭാ തിരഞ്ഞെടുപ്പിൽ കണ്ടതെന്നും ഇത് ജനാധിപത്യത്തിൻറെ ശാക്തീകരണത്തിൻറെ തെളിവാണെന്നും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ പറഞ്ഞു. ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പ് ഉടൻ ഉണ്ടാവില്ലെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## NATIONAL FILM AWARD-INTRO

എഴുപതാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കേരളത്തിന് അഭിമാനമായി ആട്ടം മികച്ച ചിത്രം. മികച്ച നടനുള്ള പുരസ്കാരം കന്നഡ ചിത്രമായ കാന്താരയിലെ

അഭിനയത്തിലൂടെ ഋഷഭ് ഷെട്ടി സ്വന്തമാക്കി. മലയാളിയായ നിത്യമേനോനും മാനസി പരേഖുമാണ് മികച്ച നടിമാർ.

ഒരു റിപ്പോർട്ട്..........

(വോയിസ്)

&&&&&&&&&&&&&&&&&&&

## NATIONAL FILM AWARD-VOICE

2022-ലെ ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചപ്പോൾ മലയാളത്തിന് മികച്ച നേട്ടം. ആനന്ദ് ഏകർഷി സംവിധാനം ചെയ്ത ആട്ടം മികച്ച ചിത്രത്തിനുള്ള ദേശീയ പുരസ്കാരത്തിനൊപ്പം മികച്ച തിരക്കഥയ്ക്കും ചിത്രസംയോജനത്തിനുമുള്ള അവാർഡും സ്വന്തമാക്കി. മികച്ച സംവിധായകൻ - സൂരജ് ആർ ബർജാത്യ. അരിജിത്ത് സിംഗ് മികച്ച ഗായകനും മലയാള സിനിമയായ സൗദി വെള്ളയ്ക്കയിലെ ഗാനത്തിന് ബോംബെ ജയശ്രീ മികച്ച പിന്നണി ഗായികയുമായി. കന്നഡ ചിത്രമായ കാന്താരയാണ് ജനപ്രിയ ചിത്രം. മികച്ച ബാലതാരത്തിനുള്ള പുരസ്കാരം മാളികപുറം എന്ന മലയാളചിത്രത്തിലെ അഭിനയത്തിന് ശ്രീപഥ് സ്വന്തമാക്കി. പൊന്നിയൻ സെൽവനിലൂടെ മികച്ച പശ്ചാത്തല സംഗീതത്തിനുള്ള പുരസ്കാരം എ.ആർ.റഹ്മാൻ നേടിയപ്പോൾ, ഹിന്ദി ചിത്രമായ ബ്രഹ്മാസ്ത്രയിലൂടെ പ്രീതം മികച്ച സംഗീത സംവിധായകനായി തിരഞ്ഞെടുക്കപ്പെട്ടു. മികച്ച ഛായാഗ്രാഹനുള്ള പുരസ്കാരത്തിന് രവിവർമ്മൻ അർഹനായി. സൗദി വെള്ളയ്ക്കയാണ് മികച്ച മലയാള ചിത്രം.

ന്യൂസ്ഡസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&

## STATE AWARD

54-ാമത് സംസ്ഥാന ചലച്ചിത്ര പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചു. ജിയോ ബേബി സംവിധാനം ചെയ്ത കാതൽ ദി കോർ മികച്ച ചിത്രമായി. ആടു ജീവിതത്തിലെ അഭിനയത്തിലൂടെ മികച്ച നടനുള്ള പുരസ്കാരം പൃഥ്വിരാജ് നേടി. മികച്ച നടിക്കുള്ള പുരസ്ക്കാരങ്ങൾ ഉർവ്വശിയും, ബീന ആർ ചന്ദ്രനും പങ്കിട്ടു. ആടു ജീവിതത്തിലൂടെ മികച്ച സംവിധായകനുള്ള പുരസ്ക്കാരം ബ്ലെസി നേടി. മികച്ച ഗായികയായി ആൻ ആമിയും മികച്ച ഗായകനായി വിദ്യാധരൻ മാസ്റ്ററും തിരഞ്ഞെടുക്കപ്പെട്ടു. 160 ചലച്ചിത്രങ്ങളാണ് പുരസ്ക്കാരത്തിനായ് സുധീപ് മിശ്ര അധ്യക്ഷനായ ജൂറി പരിഗണിച്ചത്.

&&&&&&&&&&&&&&&&&&

## ISRO SATELLITE

ഭൗമ നിരീക്ഷണ ഉപഗ്രഹമായ ഇഒഎസ്-08 നെയും, SR-O ഡെമോ പാസഞ്ചർ ഉപഗ്രഹത്തെയും I.S.R.Oയുടെ ചെറു ഉപഗ്രഹ വിക്ഷേപണ വാഹനമായ SSLV D3 വിജയകരമായി ഭ്രമണപഥത്തിലെത്തിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നായിരുന്നു വിക്ഷേപണം. മൈക്രോ, മിനി, നാനോ ഉപഗ്രഹങ്ങളെ

ബഹിരാകാശത്ത് എത്തിക്കാനുള്ള ഇന്ത്യയുടെ ശേഷിയാണ് ഇതിലൂടെ തെളിയിക്കപ്പെട്ടത്. SSLV ഡി-1, ഡി-2, ഡി-3 എന്നിവയുടെ വിജയം ബഹിരാകാശത്ത് പുതിയ വഴികൾ തേടാനുള്ള ഐഎസ്ആർഒയുടെ ആത്മവിശ്വാസം വർധിപ്പിച്ചതായി I.S.R.O ചെയർമാൻ സോമനാഥ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## PM - ISRO

പുതിയ ഉപഗ്രഹ വിക്ഷേപണ വാഹനമായ എസ് എസ് എൽ വി ഡി-3 യുടെ വിജയകരമായ വിക്ഷേപണത്തിൽ ഐ എസ് ആർ ഓ ശാസ്ത്രജ്ഞരെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്ത്യയ്ക്ക് ഇപ്പോൾ ഒരു പുതിയ ലോഞ്ച് വെഹിക്കിൾ ഉണ്ടെന്നത് അത്യധികം സന്തോഷമുള്ള കാര്യമാണെന്ന് ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. ചെലവ് കുറഞ്ഞ എസ്എസ്എൽവി ബഹിരാകാശ ദൗത്യങ്ങളിൽ പ്രധാന പങ്ക് വഹിക്കുമെന്നും, സ്വകാര്യ ബഹിരാകാശ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുമെന്നും, അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## INDIA - GLOBAL SOUTH

മൂന്നാമത് വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിക്ക് വെർച്വൽ ഫോർമാറ്റിൽ ഇന്ത്യ നാളെ ആതിഥേയത്വം വഹിക്കും. "സുസ്ഥിരമായ ഭാവിക്കായി ശാക്തീകരിക്കപ്പെട്ട ആഗോള സൗത്ത്" എന്നതാണ് ഉച്ചകോടിയുടെ

പ്രമേയം. സംഘർഷങ്ങൾ, ഭക്ഷ്യ-ഊർജ്ജ സുരക്ഷാ പ്രതിസന്ധികൾ, കാലാവസ്ഥാ വ്യതിയാനം എന്നിങ്ങനെ, ലോകത്തെ ബാധിക്കുന്ന സങ്കീർണ്ണമായ വെല്ലുവിളികളെക്കുറിച്ചുള്ള ചർച്ചകൾ വിപുലീകരിക്കുന്നതിനുള്ള വേദിയായി ഗ്ലോബൽ സൗത്ത് ഉച്ചകോടി പ്രവർത്തിക്കും.

ഇന്ത്യ-ജപ്പാൻ 2+2 വിദേശ-പ്രതിരോധ മന്ത്രിമാരുടെ മൂന്നാം ഘട്ട കൂടിക്കാഴ്ച, ഓഗസ്റ്റ് 20 ന് ഡൽഹിയിൽ നടക്കുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ അറിയിച്ചു. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗും വിദേശകാര്യ മന്ത്രി എസ്. ജയശങ്കറും, ഇന്ത്യയെ പ്രതിനിധീകരിച്ച് യോഗത്തിൽ പങ്കെടുക്കുമെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&

## MODI - BANGLADESH

പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ടെലിഫോൺ സംഭാഷണം നടത്തി ബംഗ്ലാദേശിലെ ഇടക്കാല സർക്കാരിന്റെ മുഖ്യ ഉപദേഷ്ടാവ് മുഹമ്മദ് യൂനുസ്. നിലവിലെ സാഹചര്യം ഇരുവരും ചർച്ച ചെയ്തു. ബംഗ്ലാദേശിലെ ഹിന്ദുക്കളുടെയും എല്ലാ ന്യൂനപക്ഷങ്ങളുടെയും സംരക്ഷണവും സുരക്ഷയും പ്രൊഫസർ യൂനുസ് ഉറപ്പുനൽകി. ജനാധിപത്യപരവും സുസ്ഥിരവും സമാധാനപരവും പുരോഗമനപരവുമായ

ബംഗ്ലാദേശിനായുള്ള ഇന്ത്യയുടെ പിന്തുണ പ്രധാനമന്ത്രി മോദി ആവർത്തിച്ചു.

&&&&&&&&&&&&&&&&&&

## PM – ISRAEL

പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയും ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും ഫോണിലൂടെ ചർച്ച നടത്തി. നയതന്ത്രപരമായ ചർച്ചകളിലൂടെ സംഘർഷങ്ങൾക്ക് സമാധാനപരമായ പരിഹാരം കണ്ടെത്തണമെന്ന് ശ്രീ. മോദി പറഞ്ഞു. ബന്ദികളെ മോചിപ്പിക്കുന്നതും മാനുഷിക സഹായങ്ങൾ എത്തിക്കുന്നതും തുടരണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യയും ഇസ്രയേലും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ചും ഇരു നേതാക്കളും ചർച്ച നടത്തി.

&&&&&&&&&&&&&&&&&&

## DOCTOR STRIKE

കൊൽക്കത്തയിൽ ജൂനിയർ ഡോക്ടറുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് വിവിധ മെഡിക്കൽ അസോസിയേഷനുകൾ നടത്തിയ സമരത്തിൽ രാജ്യത്തെ പല നഗരങ്ങളിലും മെഡിക്കൽ സേവനങ്ങൾ തടസ്സപ്പെട്ടു. പട്നയിലെ മെഡിക്കൽ കോളജ് ആശുപത്രി, നളന്ദ മെഡിക്കൽ കോളജ് ആശുപത്രി എന്നിവിടങ്ങളിലെ റസിഡന്റ് ഡോക്ടർമാർ അനിശ്ചിതകാല പണിമുടക്ക്

നടത്തി. കേരളത്തിലെ ഡോക്ടർമാരും സംസ്ഥാന വ്യാപകമായി പ്രതിഷേധ സമരം നടത്തി. പി ജി ഡോക്ടർമാരും, സീനിയർ റെസിഡന്റ് ഡോക്ടർമാരും, ഹൗസ് സർജന്മാരും ഡ്യൂട്ടിയിൽ നിന്നും വിട്ടു നിന്നു. ഒ പിയും വാർഡ് ഡ്യൂട്ടിയും ബഹിഷ്കരിച്ചായിരുന്നു സമരം. രാവിലെ 8 മണിക്ക് ആരംഭിച്ച സമരം നാളെ രാവിലെ 8 മണി വരെ തുടരും. അത്യാഹിത വിഭാഗങ്ങളിൽ സേവനം ഉറപ്പാക്കിയിരുന്നു സമരം.

&&&&&&&&&&&&&&&&&&

## RAIN KERALA

സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഇടുക്കിയിലും പത്തനംതിട്ടയിലും ഓറഞ്ച് ജാഗ്രതയാണ്. 10 ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. പത്തനംതിട്ടയിൽ നാളെയും ഓറഞ്ച് ജാഗ്രത തുടരും. കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

## SEARCH–WAYANAD

മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടലിൽ കാണാതായവർക്കുള്ള ജനകീയ തിരച്ചിൽ ഇന്ന് അവസാനിപ്പിക്കും. ഇനിമുതൽ ആവശ്യാനുസരണമുള്ള തിരച്ചിൽ ആയിരിക്കും നടക്കുക. ഇതിനായി വിവിധ

സേനാംഗങ്ങൾ പ്രദേശത്ത് തുടരും. ദുരന്തം ഉണ്ടായ പ്രദേശത്തും, ചാലിയാറിലും ഇന്നലെയും ഇന്നും നടത്തിയ തിരച്ചിലിലും മൃതദേഹങ്ങളോ ശരീര ഭാഗങ്ങളോ കണ്ടെത്താനായിരുന്നില്ല.

&&&&&&&&&&&&&&&&&&

## SABARIMALA

ചിങ്ങമാസ പൂജയ്ക്കായി ശബരിമല ക്ഷേത്ര നട ഇന്ന് വൈകുന്നേരം അഞ്ച് മണിക്ക് തുറന്നു. ഒരു വർഷക്കാലത്തെ ക്ഷേത്ര തന്ത്രിയായി കണ്ഠര് രാജീവരര് ചുമതലയേറ്റു. ഇന്ന് പൂജകൾ ഒന്നും ഉണ്ടായിരിക്കില്ല. ചിങ്ങം ഒന്നായ നാളെ രാവിലെ അഞ്ചിന് നട തുറക്കും. ചിങ്ങമാസ പൂജകൾക്ക് ശേഷം ഈ മാസം 21 നാണ് നട അടയ്ക്കുക.

&&&&&&&&&&&&&&&&&&

## FIJI – EARTHQUAKE

ഫിജിയിൽ ഭൂചലനം. റിക്ടർ സ്കെയിലിൽ 5.1 തീവ്രത രേഖപ്പെടുത്തിയ ഭൂചലനമാണ് ഇന്ന് അനുഭവപ്പെട്ടത്. എന്നാൽ ഇതുവരെ ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല.

&&&&&&&&&&&&&&&&&&

## PAK – EXPLOSIVE ATTACK

പാകിസ്ഥാനിലെ ഖൈബർ പഖ്തുൻക്വ പ്രവിശ്യയിൽ ഉണ്ടായ സ്ഫോടനത്തിൽ രണ്ട് പോലീസുകാർ ഉൾപ്പെടെ നാല് പേർക്ക് പരിക്കേറ്റു. പട്രോളിംഗ് നടത്തുകയായിരുന്ന പോലീസ് വാഹനത്തിന് നേരെയാണ് ആക്രമണം ഉണ്ടായത്. സ്ഫോടനത്തിന്റെ ഉത്തരവാദിത്വം ആരും ഏറ്റെടുത്തിട്ടില്ല. സംഭവത്തിൽ അന്വേഷണം ആരംഭിച്ചു.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&
&&&&&&&&
&&&&&&
&&&&
&&&
&&
&